മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 സെപ്റ്റംബർ 16

# വാർത്താക്കുറിപ്പ്

---

## പി.ജി. / ബി.എഡ്. രണ്ടാം പ്രത്യേക അലോട്ട്മെന്റ്: പ്രവേശനം സെപ്റ്റംബർ 20 വരെ

മഹാത്മാഗാന്ധി സർവ്വകലാശാല ബിരുദാനന്തര ബിരുദ/ ബി.എഡ്. ഏകജാലകം പട്ടികജാതി - പട്ടിക വർഗ്ഗ വിഭാഗക്കാർക്കായുള്ള രണ്ടാം പ്രത്യേക അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ടമെന്റ് ലഭിച്ചവർ സെപ്റ്റംബർ 20 ന് വൈകിട്ട് നാല് മണിക്ക് മുൻപായി ബന്ധപ്പെട്ട കോളേജുകളിൽ സ്ഥിര പ്രവേശനം നേടേണ്ടതാണ്. നിലവിൽ മുൻ അലോട്ട്മെന്റുകളിൽ പ്രവേശനം നേടിയിട്ടുള്ളവർ ഒന്നാം പ്രത്യേക അലോട്ട്മെന്റിൽ അപേക്ഷിക്കുകയും അലോട്ട് ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിൽ അവരുടെ പ്രവേശനം റദ്ദാക്കപ്പെട്ടിട്ടുണ്ട്. ഇവർ പുതുതായി അലോട്ട് ചെയ്യപ്പെട്ട കോളേജുകളിൽ സെപ്റ്റംബർ 20 വൈകിട്ട് നാല് മണിക്ക് മുൻപായി പുതുതായി അലോട്ട് ചെയ്യപ്പെട്ട കോളേജുകളിൽ സ്ഥിരപ്രവേശനം നേടേണ്ടതാണ്.

(പി.ആർ.ഒ./39/1333/2022)

## എം.ജി. യിൽ അക്കാദമിക/സ്കിൽ പാർട്ണർമാരാകാം

ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട് ടേം പ്രോഗ്രാംസിൽ അക്കാദമിക/സ്കിൽ പാർട്ണർമാരാകുവാൻ അപേക്ഷ ക്ഷണിക്കുന്നു. അഫിലിയേറ്റഡ് കോളേജുകൾ/ഗവേഷണ പരിശീലന സ്ഥാപനങ്ങൾ/സന്നദ്ധ സ്ഥാപനങ്ങൾ എന്നിവർക്ക് അപേക്ഷക്കാം. വിശദവിവരങ്ങൾക്ക് www.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ-8848042909.

(പി.ആർ.ഒ./39/1334/2022)

## പരീക്ഷാ ഫീസ്

അഫിലിയേറ്റഡ് കോളേജുകളുടെയും സി.പി.എ.എസ്. ന്റെയും സെപ്റ്റംബർ 28 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ബി.എഡ്. (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2021 അഡ്മിഷൻ - റഗുലർ / 2018-2020 അഡ്മിഷനുകൾ - സപ്ലിമെന്ററി - രണ്ട് വർഷ കോഴ്സ്) ബിരുദ പരീക്ഷയ്ക്ക് പിഴയില്ലാതെ സെപ്റ്റംബർ 20 വരെയും പിഴയോടു കൂടി സെപ്റ്റംബർ 22 നും സൂപ്പർഫൈനോടു കൂടി സെപ്റ്റംബർ 23 നും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1335/2022)

## ഹ്രസ്വകാല പ്രോഗ്രാം

ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട് ടേം പ്രോഗ്രാംസ് നടത്തുന്ന ഹ്രസ്വകാല പ്രോഗ്രാമുകളിലേക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. ഏത് പ്രായക്കാർക്കും അപേക്ഷിക്കാം . വിശദവിവരങ്ങൾക്ക് www.dasp.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

(പി.ആർ.ഒ./39/1336/2022)

## പരീക്ഷാ ഫലം

2022 ജനുവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി. സൈബർ ഫോറെൻസിക് (പി.ജി.സി.എസ്.എസ്. - റഗുലർ / സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസ് സഹിതം സെപ്റ്റംബർ 30 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/1337/2022)

2021 നവംബറിൽ നടത്തിയ എം.എസ്.സി. മാത്തമാറ്റിക്സ് നാലാം സെമസ്റ്റർ - സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസ് സഹിതം സെപ്റ്റംബർ 30 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/1338/2022)

**അനിൽകുമാർ ജി.**

**പബ്ലിക് റിലേഷൻസ് ഓഫീസർ (i/c)**